പലതവണ വന്ന് തിരിച്ചുപോയി. പക്ഷേ അക്വയർ ചെയ്ത സ്ഥലത്തിന് ഇതുവരെ തുക കൊടുത്തിട്ടില്ല. റീസർവ്വേ നടത്തിയപ്പോൾ സർവ്വേ നമ്പർ മാറിപ്പോയി എന്നതിന്റെ സാങ്കേതികത്വം പറഞ്ഞാണ് ഈ തുക കൊടുക്കാതിരിക്കുന്നത്. ഇനിയും താമസിപ്പിക്കാതെ സാങ്കേതിക കുരുക്കുകൾ അഴിച്ച് അക്വയർ ചെയ്ത സ്ഥലത്തിന്റെ വില നൽകാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കടലുണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിനായി 2005-ൽ ലഭിച്ച ധാരണാപത്രമനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കരട് വിജ്ഞാപനം 16-4-2007-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയായിരുന്നു. എന്നാൽ ഇതിനിടയിൽ സ്ഥലം ഏറ്റെടുക്കേണ്ടിയിരുന്ന വള്ളികുന്ന് വില്ലേജിൽ റീസർവ്വേ പൂർത്തിയാവുകയും അതിര് അടയാള നിയമമനുസരിച്ചുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. റീസർവ്വേ റെക്കാർഡുകൾ നിലവിൽ വന്നതുമൂലം സർവ്വേനമ്പർ വ്യത്യാസപ്പെടുകയും പ്രസ്തുത പൊന്നുംവില നടപടിയുടെ അവാർഡ് നിശ്ചിത കാലയളവിനുള്ളിൽ പാസ്സാക്കാനോ നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനോ കഴിയാതെ വരികയും ചെയ്തു. പൊന്നുംവില നടപടികൾ കരട്പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി രണ്ട് കൊല്ലത്തിനുശേഷം കാലഹരണപ്പെട്ട് പോകുമെങ്കിലും നിയമാനുസരണം തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലംവിട്ട് നൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അനുബന്ധ രേഖകൾ സഹിതം നിർദ്ദേശം സമർപ്പിക്കാൻ ജില്ലാകളക്ടറോടും പൊതുമരാമത്ത് വിഭാഗത്തിനോടും 2010 മെയ് മാസം 14-ന് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം മെമ്പറുടെ ആവശ്യം നിർവ്വഹിക്കുന്നതിനും ഇവ ലഭ്യമാക്കി തുക നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീം, തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജല സ്കീം എന്നിവയുടെ നവീകരണം

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ചുണ്ടൽ-കുറ്റിപ്പുറം കെ.എസ്.ടി.പി. റൂട്ടിൽ പാറയമ്പാട മുതൽ കുന്നംപുറം വരെയുള്ള പ്രദേശത്ത് ഗുരുവായൂർ വാട്ടർസപ്ലൈ സ്കീമിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുള്ള 400 എം.എം. പ്രിമോ പൈപ്പ് കാലപ്പഴക്കം കൊണ്ട് ഇടയ്ക്കിടെ പൊട്ടി വലിയ അപകടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെതന്നെ തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജലപദ്ധതിയുടെ ഭാഗമായി കുന്ദംകുളം-ഗുരുവായൂർ റൂട്ടിലെ 700 എം.എം. പ്രിമോ പൈപ്പുകളും കാലപ്പഴക്കം കൊണ്ട് പൊട്ടിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് പണിത പുതിയ കെ.എസ്.ടി.പി. റോഡിന്റെ ഒത്തനടുവിൽക്കൂടിയാണ് ഇത്രയും വലിയ പൈപ്പുകൾ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇത് ഇടയ്ക്കിടയ്ക്ക് പ്രഷർകൊണ്ട് പൊട്ടുകയാണ്. അങ്ങനെ പൊട്ടുമ്പോൾ അവിടെ കുഴികളുണ്ടാകുന്നു, ആ കുഴി ശരിയാക്കാൻ സമയമെടുക്കുന്നു, അത് ശരിയാക്കാൻ വാട്ടർ അതോറിറ്റിയും സമയമെടുക്കുന്നു. ആ കുഴിയിൽ വീണ് നിരവധി ആളുകൾ മരിക്കുന്നു. ഞാൻ ഈ പറയുന്ന സമയത്ത് 9 പേർ മരിച്ചു. ഈ പൈപ്പുകൾ സൈഡിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ പറ്റുമോ? ഇക്കാര്യം രാവിലെ ഒരു ചോദ്യമായിട്ട് ചോദിച്ചിരുന്നു. ഇന്ന് പരിഹരിക്കും, നാളെ പരിഹരിക്കുമെന്നു പറഞ്ഞാൽ ഇത് ഓട്ട അടച്ചുകൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമല്ല. വിദേശരാജ്യങ്ങളിലൊക്കെ ചെയ്യുന്നതുപോലെ പുതിയ റോഡുകൾ പണിയുമ്പോഴെങ്കിലും പൈപ്പുകൾ റോഡിന്റെ സൈഡിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, രാവിലെ ചോദ്യോത്തരവേളയിൽ ഈ കാര്യത്തെ സംബന്ധിച്ച് ഞാൻ മറുപടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെകൂടി ചുമതലയുള്ള ധനകാര്യ വകുപ്പുമന്ത്രിയും സഭയിലുണ്ട്. ഈ കാര്യത്തിൽ വിദേശ രാജ്യങ്ങളിൽ യൂട്ടിലിറ്റി സർവ്വീസിനുവേണ്ടി ഒരു പ്രത്യേക യൂട്ടിലിറ്റി ഡക്റ്റ് തന്നെ റോഡിന്റെ വശങ്ങളിലായിട്ടുണ്ട്. രണ്ടേ രണ്ട് മാർഗ്ഗങ്ങളാണ് ഈ കാര്യത്തിലുള്ളത്. ഒന്നുകിൽ യൂട്ടിലിറ്റി സെപ്പറേറ്റ് ഡക്റ്റ് അല്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനമുണ്ടാക്കുക. അതല്ലെങ്കിൽ പ്രത്യേകമായി ഇതിനു വേണ്ടി ലാന്റ് അസൈൻ ചെയ്തെടുത്ത് അല്ലെങ്കിൽ ലാന്റ് അക്വയർ ചെയ്തെടുത്ത് പൈപ്പിടുക. രണ്ടാമത് പറഞ്ഞ ഓപ്ഷൻ കേരളത്തിനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണ്. പൈപ്പ് ഇടുന്നതിനുവേണ്ടി മാത്രം പ്രത്യേകമായി ഏറ്റെടുക്കാൻ ഭൂമിയില്ല. ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ബാധ്യതയും വൻ രൂപത്തിലാണ്. പുതുതായി ആരംഭിക്കുന്ന ദേശീയപാത പോലെയുള്ള റോഡുകളിൽ ഇത്തരത്തിലുള്ള യൂട്ടിലിറ്റി സർവ്വീസിനുവേണ്ടിയുള്ള പ്രത്യേക ഡക്റ്റ് ഇപ്പോൾത്തന്നെ എൻവിസേജ് ചെയ്യുന്നുണ്ട്. എന്നാൽപ്പോലും കെ.എസ്.ടി.പി. റോഡുകൾക്കുപോലും പലപ്പോഴും അതില്ല. അതുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയും ഞങ്ങളും ചേർന്ന് ഈ കാര്യത്തിൽ എന്തൊക്കെ ഫീസിബിൾ സൊല്യൂഷൻ ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കുന്നത്. ശ്രീ. ബാബു എം. പാലിശ്ശേരിയുടെ സബ്മിഷന്റെ പ്രധാനപ്പെട്ട വിഷയം ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള തൃത്താലയിൽ നിന്ന് കുന്ദംകുളം വരെ സ്ഥാപിച്ചിട്ടുള്ള പൈപ്പിന്റെയും പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള 700 എം.എം. പ്രിമോ പൈപ്പിന്റെയും പൊട്ടലും ഇതുമായി ബന്ധപ്പെട്ടുള്ള റോഡുകളുടെ തകർച്ചയുമാണ്. ഈ രണ്ട് പദ്ധതികളും ഗവൺമെന്റും വാട്ടർ അതോറിറ്റിയും പരിശോധിച്ചു, ഇത് മാറ്റുക എന്നുള്ള തല്ലാതെ വേറൊരു മാർഗ്ഗവുമില്ല. ഇത് എ.സി. പൈപ്പും പ്രിമോ പൈപ്പുമാണ്. സമ്മർദ്ദം കൂടുമ്പോഴും ട്രാഫിക് കൂടുമ്പോഴും സ്വാഭാവികമായും പൈപ്പ് പൊട്ടുന്നതിനുള്ള സാധ്യത കൂടുതലാണ്. 20-25 വർഷം കഴിയുമ്പോൾ സ്വാഭാവികമായും എ.സി. പൈപ്പുകൾ പൊട്ടാറുണ്ട്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ഗുരുതരമായ, സങ്കീർണ്ണമായ പ്രശ്നങ്ങളാണ് ഈ രണ്ട് മേഖലകളിലും ഉള്ളത്. ഇതിൽ ആദ്യത്തേത് പരിഹരിക്കുന്നതിനുവേണ്ടി രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. രണ്ടാമത്തെ കാര്യം പാവറട്ടിയിലെ പൈപ്പ് മാറ്റുന്നതിനുവേണ്ടി 3.5 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഈ രണ്ട് പദ്ധതികളും ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യത സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്.

7. തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, എന്റെ മണ്ഡലത്തിൽ 20 വർഷങ്ങൾക്കുമുമ്പ് ഒന്നാംഘട്ടം കമ്മീഷൻ ചെയ്ത ഒരു പ്രധാനപ്പെട്ട ചെറുകിട ജലസേചന പദ്ധതിയാണ് തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. ഇതിന്റെ രണ്ടാം ഘട്ടത്തിനുവേണ്ടി കാത്തിരിപ്പ് തുടങ്ങിയിട്ട് കുറേ വർഷങ്ങളായി. ഞാനും തൃത്താലയെ പ്രതിനിധീകരിച്ച മുൻ എം.എൽ.എ. മാരും സഭയിൽ നിരന്തരമായി ഈ ആവശ്യം ഉന്നയിച്ചുപോന്നിട്ടുള്ളതാണ്. ഏതായാലും കഴിഞ്ഞവർഷവും ഈ വർഷവും സംസ്ഥാന ബഡ്ജറ്റിൽ രണ്ടേകാൽ കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്. പക്ഷേ, അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതി കാണുന്നില്ല. അത് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, തൃത്താല ഗ്രാമപഞ്ചായത്തിലെ തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2000-ൽ ഭാഗികമായി കമ്മീഷൻ ചെയ്തതാണ്. അവശേഷിക്കുന്ന പ്രവൃത്തികൾക്ക് 2010-ലെ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി നൽകുന്നകാര്യം ഗവൺമെന്റ് സജീവമായി പരിശോധിക്കുന്നതാണ്.

8. ഇരുമ്പ് ബോട്ടിനു പകരം തടി നിർമ്മിത ബോട്ട് അനുവദിക്കാൻ നടപടി

ശ്രീ. വി. എൻ. വാസവൻ: സർ, കോട്ടയം-ആലപ്പുഴ ജലഗതാഗത റൂട്ടിൽ സർവ്വീസ് നടത്തുന്ന തടിനിർമ്മിതമായ ഒരു ബോട്ട് മാറ്റി ഇരുമ്പു നിർമ്മിതമായ ബോട്ട് അവിടെ ഇടുകയുണ്ടായി. 100 കണക്കിന് വിദ്യാർത്ഥികളും തൊഴിലാളികളും ജലഗതാഗതത്തെ ആശ്രയിച്ചാണ് രാവിലെ സ്കൂളുകളിലും അതുപോലെ ഫാക്ടറികളിലും എത്തുന്നത്. രണ്ട് മണിക്കൂർ സമയമെടുത്ത് ഓടിയിരുന്ന ബോട്ട് ഇരുമ്പ് ബോട്ട് വന്നതിനുശേഷം നാല് മണിക്കൂർ എടുക്കുകയാണ്. അതുപോലെതന്നെ ഉയർത്തുന്ന പാലങ്ങൾ ഉണ്ടായിരുന്നത് മുന്നെണ്ണം ഇടിച്ചു തകർത്തുകളഞ്ഞു. അതുകൊണ്ട് ഈ ഇരുമ്പ് ബോട്ട് മാറ്റി നേരത്തെ ഓടിക്കൊണ്ടിരുന്ന ജലഗതാഗത വകുപ്പിന്റേതായിട്ടുള്ള തടിബോട്ട് ഉടൻതന്നെ അവിടെ പുനഃസ്ഥാപിക്കണം. നാട്ടുകാർ വലിയ പ്രക്ഷോഭത്തിലാണ്. അടിയന്തരമായി അതിന് നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly